LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

137 [901] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാറ്റഗറികളിലായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2001-ൽ തൊഴിൽ രഹിതരുടെ എണ്ണം എത്രയായിരുന്നു ?

ഉത്തരം

(എ) 30-11-2005-ൽ സമാഹരിച്ച കണക്കനുസരിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാറ്റഗറികളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

കാറ്റഗറി	എണ്ണം
വിദ്യാഭ്യാസമില്ലാത്തവർ	442
മെട്രിക്കുലേഷന് താഴെയുള്ളവർ	645481
മെട്രിക്കുലേഷൻ	2274071
പി.ഡി.സി./ഹയർ സെക്കന്ററി	598824
ഡിഗ്രി	241590
പി.ജി.	55404
ആകെ	3815812

(ബി) 31-3-2001-ൽ 4238034 പേർ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു.

പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 'ഇ. നമ്പർ 001.10' എന്ന തൊഴിൽ നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ

138 [902] പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഏതെല്ലാം ഉദ്യോഗത്തിനുവേണ്ടിയാണ് രജിസ്ട്രേഷൻ നടത്തുന്നത് ;

(ബി) തൊഴിൽ നമ്പർ 'ഇ. നമ്പർ 001.10' എന്നത് ഏത് ഉദ്യോഗത്തിന് വേണ്ടിയുള്ളതാണ് ;

(സി) ഈ തൊഴിൽ നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതു തീയതി വരെയുള്ള ഉദ്യോഗാർത്ഥികളെയാണ് വിവിധ വകുപ്പുകളിലേക്ക് നിയമനത്തിനായി ശുപാർശ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

GPM. 2/152/2013—18

(ഡി) 'ഇ. നമ്പർ 001.10' എന്ന തൊഴിൽ നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഉദ്യോഗാർത്ഥികളെയാണ് 1-1-2004 മുതൽ വിവിധ വകുപ്പുകളിലേക്ക് നിയമന ശുപാർശക്ക് അയച്ചിട്ടുള്ളത് ; അവരുടെ പേരും രജിസ്റ്റർ ചെയ്ത തീയതിയും ലഭ്യമാക്കുമോ ;

(ഇ) ഹയർ സെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് ലക്ചറർ തസ്തികയിലെ സേവനകാലം നിയമനത്തിന് ശുപാർശ ചെയ്യുമ്പോൾ എക്സ്പീരിയൻസ് ആയി പരിഗണിക്കാറുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സേവനകാലം എക്സ്പീരിയൻസ് ആയി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡോക്ടർ, എഞ്ചിനീയർ, കോളേജ് ലക്ചറർ, ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി/സ്കൂൾ ടീച്ചർ, വെറ്ററിനറി സർജൻ, അഗ്രോണമിസ്റ്റ്, ചാർട്ടേഡ് അക്കൗണ്ടന്റ് തുടങ്ങിയ വിവിധ പ്രൊഫഷണൽ എക്സിക്യൂട്ടീവ് നിലവാരമുള്ള തസ്തികകൾക്കുവേണ്ടി ഈ എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നടത്തുന്നുണ്ട്.

(ബി) കെമിസ്റ്റ്/ലക്ചറർ ഇൻ കെമിസ്ട്രി എന്നീ തസ്തികകൾക്ക് പരിഗണിക്ക പ്പെടുന്നതിന് വേണ്ടിയുള്ളതാണ്.

(സി) 24-2-2005 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ 15-12-2005-ന് കൊച്ചി, കയർ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുള്ള പ്രോജക്റ്റ് അസിസ്റ്റന്റ് 'കെമിസ്ട്രി' യുടെ ഒഴിവിലേക്കാണ് ഏറ്റവും അവസാനമായി നാമനിർദ്ദേശം ചെയ്തിട്ടുള്ളത്.

(ഡി) 543 ഉദ്യോഗാർത്ഥികളെ ഇതുവരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അവരുടെ പേരും രജിസ്റ്റർ ചെയ്ത തീയതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) ഇല്ല. നിർദ്ദേശം പരിശോധിക്കുന്നതാണ്.

തിരുവനന്തപുരം പ്രൊഫഷണൽ എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രസതന്ത്ര വിഭാഗം അദ്ധ്യാപക തസ്തികയിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ

139 [903] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പ്രൊഫഷണൽ എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രസതന്ത്ര വിഭാഗം അദ്ധ്യാപക തസ്തികയിലേക്ക് ഏത് കാലയളവു വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെയാണ് 2005-06 അധ്യയന വർഷത്തിലേക്ക് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ താൽക്കാലിക നിയമനം നടത്തുന്നതിലേക്കായി പരിഗണിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത് ;

(ബി) ഇവരിൽ മുന്നോക്ക വിഭാഗത്തിലുള്ളവർ എത്ര ഈഴവർ, മുസ്ലീങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവർ എത്ര വീതമെന്ന് വിശദമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly